ശ്രദ്ധക്ഷണിക്കൽ

പദ്ധതി നിർവ്വഹണ വിഹിതത്തിന്റെ തുക നഷ്ടപ്പെടുന്നത് തടയൽ

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ അവതരിപ്പിക്കുന്ന ശ്രദ്ധക്ഷണിക്കൽ ഇവിടെയിരിക്കുന്ന ഭൂരിപക്ഷം എം.എൽ.എ.മാർക്കും ബാധകമായിട്ടുള്ള കാര്യമാണ്. നമ്മുടെ നാട്ടിലെ പൊതുഖജനാവിൽ നിന്നും നടത്തുന്ന നിർമ്മാണ പ്രവർത്തനങ്ങൾ പൊതുമേഖലാ സ്ഥാപനങ്ങളടക്കമുള്ള കൺസൾട്ടൻസികളെ ഏൽപ്പിച്ചുകൊണ്ട് ചെയ്യുന്നതുമൂലം വലിയ വെട്ടിപ്പാണ് നടക്കുന്നത്. ഇവിടെ പട്ടികജാതി/പട്ടികവർഗ്ഗക്ഷേമവും വകുപ്പുമന്ത്രിമാർ ഒരു കോടി രൂപവച്ചാണ് ഒരു കോളനിക്ക് അനുവദിക്കുന്നത്. അതിൽ ഏകദേശം ഇരുപത് ലക്ഷം രൂപ കൺസൾട്ടൻസിക്കും ടാക്സിനുമായി പോവുകയാണ്. പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി കക്കൂസും വീടുമടക്കം നിർമ്മിക്കാൻ വേണ്ടി കൊടുക്കുന്ന പണത്തിൽ ഇരുപതുലക്ഷത്തോളം രൂപ കൺസൾട്ടൻസികൾ കൊണ്ടുപോവുകയാണ്. ഇവിടെ പൊതുമേഖലാ സ്ഥാപനങ്ങളിലെയും കൺസൾട്ടൻസികളിലെയും ആളുകൾ നിയമസഭാ മന്ദിരത്തിനുള്ളിൽ ക്യാൻവാസിംഗിന് നടക്കുകയാണ്. നമ്മുടെ മുൻഗാമികൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടാക്കിയത് ചില പ്രത്യേക തൊഴിൽ മേഖലകളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. പൊതുമേഖലാ സ്ഥാപനമെന്ന് പറയുന്നത് നമ്മുടെ വലിയ ആസ്തിയാണ്. പക്ഷേ തനിക്ക് കൊടുത്ത ജോലി വേണ്ടവിധത്തിൽ ചെയ്യാതെ ആ പണിക്ക് കൊള്ളാതാവുകയും നശിക്കുകയും ചെയ്ത പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാൻ ഇത്തരത്തിൽ പൊതുഖജനാവിലുള്ള പണം ഉപയോഗിക്കുന്നത് ശരിയല്ല. ഇതും ഇന്നുംഇന്നലെയും തുടങ്ങിയ കാര്യമല്ല. ആറേഴുവർഷമായി

നടക്കുന്ന കാര്യമാണ്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ മണ്ഡലത്തിൽ നിന്നും എന്റെ മണ്ഡലത്തെ ബന്ധിപ്പിക്കുന്ന അച്ചൻകോവിൽ–കോന്നി റോഡ് വനംവകുപ്പിന്റെയും നബാർഡിന്റെയും ഫണ്ടുപയോഗിച്ച് നിർമ്മിച്ചു. അച്ചൻകോവിലിനെ കോന്നിയുമായി ബന്ധിപ്പിക്കുന്ന ശബരിമലയിലേയ്ക്കുള്ള ഏറ്റവും നീളം കുറഞ്ഞ റോഡാണ്. ആ റോഡിന്റെ നിർമ്മാണത്തിന് കിറ്റ്കോയെന്ന ഏജൻസിയെയാണ് ഏൽപ്പിച്ചത്.

അവർക്ക് റോഡ് പണിയിൽ പരിചയമില്ല. കാട്ടിലൂടെയുള്ള ആ റോഡ് പണി പൂർത്തിയാക്കാതെ നശിപ്പിക്കുകയും, ആവശ്യമുള്ള രണ്ട് മൂന്ന് കലുങ്കുകൾ പോലും പണിയാതെ ഉപേക്ഷിക്കപ്പെടുകയും ചെയ്തു. ഈ അടുത്ത കാലത്താണ് വനം വകുപ്പ് അവിടെ രണ്ട് മൂന്ന് കലുങ്കുകൾ നിർമ്മിച്ചത്. റവന്യൂ വകുപ്പ് കുറച്ച് പണം ഉപയോഗിച്ചു. എന്നിട്ടും റോഡ് ഇപ്പോഴും പൂർത്തിയായിട്ടില്ല. ഈ കൺസൾട്ടൻസി പോയി മറഞ്ഞു. സിഡ്കോ മുതൽ കിറ്റ്കോ വരെയുള്ള കുറേ 'കോ' കൾ ഇവിടെ ഇറങ്ങിയിട്ടുണ്ട്. അവർ ഇതിന്റെ ഏജൻസി പിടിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ ഈ അടുത്ത കാലത്ത് ഒരു സ്കൂൾ കെട്ടിടം പണിയാൻ തീരുമാനിച്ചു. എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടായി കിട്ടുന്ന 5 കോടി രൂപയിൽ നിന്നും ഒന്ന് ഒന്നരക്കോടി രൂപ ചെലവഴിച്ച് സ്കൂൾ കെട്ടിടം പണിയാൻവേണ്ടി പി.ഡബ്ല്യൂ.ഡി.–യിലെ എഞ്ചിനീയർക്ക് നിർദ്ദേശം കൊടുത്തു. അദ്ദേഹം എന്നോടും മറ്റാരോടുംതന്നെ ആലോചിക്കാതെ തിരുവനന്തപുരത്തുള്ള ഒരു റിട്ടയേർഡ് എഞ്ചിനീയറുടെ സ്ഥാപനമായ ഒരു കൺസൾട്ടൻസിയെ ഡിസൈൻ വരയ്ക്കാൻ ഏൽപ്പിച്ചു. ഇതൊന്നും ഞാനറിയുന്നില്ല. എനിക്ക് ഒരു ദിവസം ഒരു കടലാസ് വരികയാണ്. പ്ലാനെന്താണെന്നോ പദ്ധതി

യെന്താണെന്നോ ചോദിക്കുന്നില്ല. എഞ്ചിനീയർ ഒരു കൺസൾട്ടന്റിനെ തീരുമാനിച്ചു. പി.ഡബ്ല്യു.ഡി–യിലെ ബിൽഡിംഗുകാർക്ക് രണ്ട് നിലയുള്ള സർക്കാർ സ്കൂൾ കെട്ടിടത്തിന്റെ മുറികളുടെ നീളവും വീതിയും കണക്കാക്കി ഡിസൈൻ വരയ്ക്കാൻ സമയമില്ല. എല്ലാവർക്കുമറിയാം. എഞ്ചിനീയർ പറഞ്ഞു, ഞങ്ങളുടെ ഡിസൈനിംഗ് വിംഗിന് ഇപ്പോൾ സമയമില്ല, താമസം നേരിടും. അതുകൊണ്ട് ഞങ്ങൾ തിരുവനന്തപുരത്തുള്ള ഒരു റിട്ടയേർഡ് പി.ഡബ്ല്യു.ഡി എഞ്ചിനീയർക്ക് ഇത് കൺസൾട്ടൻസി കൊടുക്കുകയാണ്. സ്കൂൾ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് മൂന്നര കോടി രൂപ. ഇതേസമയം ഞാൻ പി.ഡബ്ല്യു.ഡി.–യിലെ എ.ഇ.ഒ.– യോട് പട്ടാഴിയിൽ ഒരു സ്കൂൾ പണിയുന്നതിന് ഇതേ നീളത്തിൽ ഒരു സ്കൂളിന്റെ പ്ലാൻ വരച്ചുകൊണ്ടുവരാൻ പറഞ്ഞു. മൂന്നാം ദിവസം സ്കൂളിന്റെ പ്ലാൻ വരച്ചുകൊണ്ടു വന്നു. ഏതാണ്ട് 1,10,00,000 രൂപ എസ്റ്റിമേറ്റ്. പക്ഷേ എനിക്ക് ആദ്യത്തെ സ്കൂൾ കെട്ടിടത്തിന് പ്ലാൻ വരച്ച കൺസൾട്ടൻസി തന്ന മറുപടി മൂന്നരക്കോടി രൂപയുടെ ഡിസൈൻ വരച്ചതിന് റിട്ടയേർഡ് എഞ്ചിനീയർക്ക് കൊടുക്കുന്നത് 11 ലക്ഷം രൂപ എന്നാണ്. 5 കോടി രൂപ ആസ്തി വികസന ഫണ്ടുള്ള ഒരു എം.എൽ.എയുടെ മൂന്ന് കോടിയിലധികം രൂപ ഒരു സ്കൂളിന് ചെലവഴിക്കുമ്പോൾ 11 ലക്ഷം രൂപ കൺസൾട്ടൻസി ചാർജ് ഈടാക്കുന്ന കൊള്ളക്കാരെ നിയന്ത്രിക്കാൻ സർക്കാർ എന്ത് നടപടിയെടുക്കുമെന്നാണ് അറിയേണ്ടത്.? ‘കാട്ടിലെ തടി തേവരുടെ ആന, വലിയെടാ വലി.’ കാട്ടിലെ തടി എന്നാൽ സർക്കാരിന്റെ പണം, തേവരുടെ ആന എന്നാൽ മദ്ധ്യവർത്തി സ്ഥാപനങ്ങൾ, വലിയെടാ വലി എന്നാൽ നടത്തിപ്പുകാരും മേൽനോട്ടക്കാരും. ആരാണ് നടത്തിപ്പുകാർ; ഇവിടെ വളരെ മാന്യമായിട്ടാണ് കൊള്ള നടത്തുന്നത്. സർക്കാർ ഉദ്യോഗ

സ്ഥൻമാരുടെ അദ്ധ്യക്ഷതയിൽ, വളരെ വ്യവസ്ഥാപിതമായ രീതിയിലാണ്. നമുക്ക് അവരെ കുറ്റം പറയാൻ പറ്റില്ല. കാരണം അവർ കൊള്ള നടത്തുന്നത് വളരെ മനോഹരമായാണ്. ഒരു കുറ്റവും പറയാൻ പറ്റില്ല. നിയമപരമായി ഒരു തടസ്സവുമില്ല. ടെണ്ടർ ഇല്ല. ഫർണിച്ചർ വാങ്ങണമെങ്കിൽ സിഡ്കോയെ ഏൽപ്പിച്ചാൽ മതി. എത്ര രൂപയുടെ ഫർണിച്ചർ വേണമെങ്കിലും വാങ്ങി ത്തരും, ഒരു ടെണ്ടറും വേണ്ട,. അതിന് യാതൊരു കണക്കുമില്ല. അടിയന്തര സാഹചര്യങ്ങളിൽ ഇവർ വൻകൊള്ള നടത്തുകയാണ്. ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് പകരം ആഭ്യന്തര വകുപ്പുമന്ത്രി തന്നെ മറുപടി പറയണം. ഒരു വിജിലൻസ് അന്വേഷണമാണ് ഇതിന് നടത്തേണ്ടത്. കാരണം പട്ടികജാതി കോളനികൾക്ക് നൽകുന്ന ഒരു കോടി രൂപ ഒന്നിനും തികയില്ല. എങ്കിൽപോലും അത് അവർക്ക് വലിയ ആശ്വാസമാണ്.

ശ്രീ. കെ. സുരേഷ് കുറുപ്പ്: അവർ പുറകേ നടന്ന് ക്യാൻവാസ് ചെയ്യുക യാണ്. ഞങ്ങൾക്ക് തന്നെ ടെണ്ടർ തരണമെന്ന് പറഞ്ഞ് പിറകെ നടന്ന് മേടിക്കുകയാണ്.

ശ്രീ. കെ.ബി. ഗണേഷ് കുമാർ: ഇവിടെ ക്യാൻവാസിംഗ് നടക്കുകയാ ണെന്ന് അദ്ദേഹവും പറയുന്നു. ഈ ബിൽഡിംഗിനുള്ളിൽ "ഞങ്ങൾക്ക് തരണം ഞങ്ങൾക്ക് തരണം" എന്ന് പറഞ്ഞ് ക്യാൻവാസിംഗ് നടക്കുകയാണ്. ആദിവാസികൾക്കുവേണ്ടി പത്തനാപുരത്ത് കോളനി അനുവദിച്ചു. അത് വേറെ കുറെ ആളുകളാണ്. അതിന്റെ നിർമ്മാണപ്രവർത്തനങ്ങൾ നിർമ്മിതി കേന്ദ്രയെ ഏൽപ്പിച്ചു. അത് ചോർന്നൊലിച്ചു കിടക്കുകയാണ്. നിർമ്മിതിക്ക് കൊടുക്കരുതെന്ന് ഞാൻ അന്നത്തെ കളക്ടറോട് പറഞ്ഞതാണ്. ഹാബിറ്റാറ്റ് എന്നൊരു സ്ഥാപനമുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ശ്രദ്ധിക്കണം, കേരള

സർക്കാരിന്റെ എത്ര കോടി രൂപ ഹാബിറ്റാറ്റ് എന്ന സ്ഥാപനത്തിന്റെ കയ്യിൽ അഡ്വാൻസ് മണിയുണ്ട്. കേരളത്തിലെ നിർമ്മാണപ്രവർത്തനങ്ങൾക്ക് സർക്കാർ കൊടുത്ത കോടിക്കണക്കിന് രൂപ ഹാബിറ്റാറ്റിന്റെ കയ്യിലുണ്ടെന്നാണ് എന്നോട് ഒരു മുൻ ധനകാര്യവകുപ്പ് സെക്രട്ടറി പറഞ്ഞത്. ആ പണം സമയത്ത് ഉപയോഗിക്കാറില്ല, സമയബന്ധിതമായി തീർക്കാറില്ല. ഇത്തരം സ്ഥാപനങ്ങൾ ഗവൺമെന്റിൽ നിന്നും എത്ര രൂപ അഡ്വാൻസ് വാങ്ങിയിട്ടുണ്ട്? ഇതൊരു വലിയ കൊള്ളയാണ്. റോഡായാലും പാലമായാലും അംഗൻവാടിയായാലും പാവപ്പെട്ട പട്ടികജാതി വിഭാഗങ്ങളുടെ കോളനിയിൽ നിർമ്മിക്കുന്ന കക്കൂസായാൽ പോലും അതിൽ നിന്നും കൊള്ളയടിക്കുന്നത് കണ്ടുനിൽക്കാൻ ബുദ്ധിമുട്ടാണ്. ഇത് വളരെ വേദനാജനകമാണ്. ‘ഇത് കൺസൾട്ടൻസിക്ക് കൊടുക്കരുത്, കൊടുത്താൽ കുഴപ്പമാണ്. 20 ലക്ഷം രൂപ അവർ എടുക്കും, ഞാൻ ഇത് നിർത്തി വച്ചോട്ടേ’ എന്ന് കൊല്ലം കളക്ടർ എന്നോടു ചോദിച്ചു. ഞാൻ പറഞ്ഞു, ‘നിർത്തി വച്ചോളൂ നിങ്ങളുടെ ഇഷ്ടംപോലെ ചെയ്യാം’. ഒരു കോടി രൂപയിൽ നിന്നും 20 ലക്ഷം രൂപ കൺസൾട്ടൻസി ചാർജ് കൊടുക്കുക. ഇത് വളരെ മാന്യമായി, സർക്കാരിന്റെ പണം, സർക്കാർ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ, വ്യവസ്ഥാപിതമായ രീതിയിൽ, വിനിയോഗിക്കുന്ന ബ്രോക്കർമാരുടെയും ഇടനിലക്കാരുടെയും കാഴ്ചയാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. ഇത് ഇങ്ങനെ പോയാൽ എവിടെ ചെന്നുനിൽക്കും. എം.എൽ.എ.-യ്ക്ക് കിട്ടുന്ന ആസ്തി വികസന ഫണ്ട്, പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലെ പാവപ്പെട്ടവർക്ക് കൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട്, നബാർഡിന്റെ ഫണ്ടുകൾ...... വനം വകുപ്പിൽ റോഡ് പണിയാനറിയാത്തവർ ഉണ്ട്. പി.ഡബ്ല്യു.ഡി.-യിൽ റോഡുപണിയാന

റിയാവുന്ന ഉദ്യോഗസ്ഥന്മാരുണ്ട്. എന്താണ് നമ്മുടെ എഞ്ചിനീയർമാരൊക്കെ യൂസ്‌ലെസ്സാണോ; അല്ലല്ലോ? പി.ഡബ്ല്യു.ഡി. ബിൽഡിംഗ്സിൽ എല്ലാ സ്ഥലത്തും എ.ഇ.-മാരും എ.എക്സ്.ഇ.-മാരുമുണ്ട്. ഈ സംവിധാനമൊന്നും ഉപയോഗിക്കുന്നില്ല. പഞ്ചായത്തിലും ജില്ലാ പഞ്ചായത്തിലും എഞ്ചിനീയർമാരുണ്ട്. ഇവരെല്ലാം ചുമ്മാതിരിക്കുമ്പോൾ ഒരു പരിചയവുമില്ലാത്ത ആളുകൾ വരികയാണ്. ശ്മശാനം പണിയണോ, കക്കൂസ് പണിയണോ, ഇലക്ട്രിസിറ്റി കൊടുക്കണോ, സോളാർ ലൈറ്റ് വയ്ക്കണോ, എന്തിനും റെഡിയായി കുറച്ച് ആളുകൾ വരികയാണ്. അവരുമായി യാതൊരു ബന്ധവുമില്ലാത്തതാണെങ്കിൽപ്പോലും എന്തുകാര്യത്തിനും പറ്റുന്ന ആളുകളെ ഞാൻ ലോകത്ത് എവിടേയും കണ്ടിട്ടില്ല. വനം വകുപ്പിന്റെ റോഡുകൾ പണിയാൻ പി.ഡബ്ല്യു.ഡി.-യെ ഏൽപ്പിച്ചു, കാരണം വനം വകുപ്പിലെ ഉദ്യോഗസ്ഥർക്ക് റോഡ് പണിയാൻ അറിയില്ല. അങ്ങയുടെ മണ്ഡലത്തിലടക്കം പണിയുന്ന റോഡുകൾ പൊളിഞ്ഞുപോകും, കാരണം അവർക്ക് അതിനുള്ള എക്സ്പെർട്ടൻസ് ഇല്ല. അതുകൊണ്ട് ഞാൻ മന്ത്രിയായിരുന്ന സമയത്ത് ഈ വർക്കുകൾ പി.ഡബ്ല്യു.ഡി.യെ ഏൽപ്പിച്ചു, രണ്ട് ശതമാനം എക്സ്പെൻസേയുള്ളൂ. പക്ഷേ റോഡുകൾ വൃത്തിയായി പണിയും. പി.ഡബ്ല്യു.ഡി. അല്ല ആ വർക്കുകൾ ചെയ്യുന്നത്. പക്ഷേ എസ്റ്റിമേറ്റ്, ഡിസൈൻ മുതലായവ തയ്യാറാക്കുകയും ഈ വർക്കുകൾ സൂപ്പർവൈസ് ചെയ്യുന്നതും ഇൻസ്പെക്ട് ചെയ്ത് കൊടുക്കുന്നതും അവരാണ്. ഡി.എഫ്.ഒ അതിന്റെ ബില്ല് മാറികൊടുക്കുകയും ചെയ്യും. ഇതാണ് വനം വകുപ്പിൽ വന്ന സംവിധാനം. രണ്ട് ശതമാനം ചാർജ് കൊടുത്താൽ മതി. ഇത് 8%, 10%, 15% ചുരുക്കം പറഞ്ഞാൽ ഒരു കോടി രൂപയുടെ പദ്ധതിക്ക് കൺസൾട്ടൻസി ചാർജായി 20 ലക്ഷം രൂപ  പോകും. കൂടാതെ ഒരു മധ്യവർത്തി വരുമ്പോൾ

സർവ്വീസ് ടാക്സ് വരും. ഇങ്ങനെ ഖജനാവിലെ പണം കൊള്ളയടിക്കപ്പെടുകയാണ്. ഇത് നമ്മൾ തടയേണ്ടതാണ്. കൺസൾട്ടൻസി എന്ന വാക്കിന്റെ അർത്ഥം കറപ്ഷൻ ടെന്റൻസി എന്നായി മാറിയിരിക്കുകയാണ്. അതാണ് ഇവിടെ നടക്കുന്നത്. ഇതിന് നമ്മൾ എം.എൽ.എ.-മാരും സർക്കാരും കൂട്ടുനിൽക്കണോ? ഇതിന് ഒരു തീരുമാനമുണ്ടാകണം. ഇത് അവസാനിപ്പിക്കണം. ഇവിടെ പി.ഡബ്ല്യു.ഡി.-യിൽ എഞ്ചിനീയറംഗ് വിംഗുണ്ട്; അവർക്ക് ചെയ്യാവുന്ന കാര്യങ്ങളാണ് പലതും. ജില്ലാ പഞ്ചായത്തിന്റെയും മുനിസിപ്പാലിറ്റിയുടേയും കീഴിൽ എഞ്ചിനീയർമാരുണ്ട്. ഇവരെയൊക്കെ വെറുതെ ഇരുത്തി അവർക്ക് ശമ്പളം കൊടുത്തുകൊണ്ട് ............

മി. സ്പീക്കർ: സമയം ഒരുപാടായി......... പ്ലീസ്............

ശ്രീ. കെ. ബി. ഗണേഷ് കുമാർ: ആ ഡിപ്പാർട്ട്മെന്റും കറക്ടാക്കണം. പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രികൂടി ഇതുകേൾക്കണം. നമ്മൾ ഒരു റോഡ് പണിയാൻ വിളിച്ചാൽ അത് ഞങ്ങളുടെ ജോലിയല്ല, ഞങ്ങൾ ചെയ്യില്ല എന്നാണ് പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർ പറയുന്നത്. സ്കൂൾ കെട്ടിടം പണിയാൻ പി. ഡബ്ല്യു.ഡി.-യിലെ ബിൽഡിംഗ് വിഭാഗത്തിലെ എഞ്ചിനീയറെ വിളിച്ചപ്പോൾ അവർ പറഞ്ഞു, ഞങ്ങൾക്ക് പ്ലാൻ വരയ്ക്കാൻ പറ്റില്ല, കൺസൾട്ടൻസി കൊടുക്കണം. ആർക്ക് കൺസൾട്ടൻസി കൊടുക്കണം? എന്റെ കൂടെ പണ്ട് ജോലി ചെയ്തിരുന്ന തിരുവനന്തപുരത്തുള്ള ഒരു റിയട്ടയേർഡ് ഉദ്യോഗസ്ഥന്റെ സ്ഥാപനത്തിന് കൺസൾട്ടൻസി കൊടുക്കണം. എന്തുകിട്ടും? ഒരു പടം വരച്ചതിന് 11 ലക്ഷം രൂപ അയാൾക്ക് കിട്ടും. ഇതേ പടം ഒരു അസിസ്റ്റന്റ് എഞ്ചിനീയർ മൂന്ന് ദിവസംകൊണ്ട്, ക്രിസ്തുമസ്സിന്റെ തലേദിവസം പറഞ്ഞു. ക്രിസ്തുമസ് അവധികഴിഞ്ഞ് വന്നപ്പോൾ വരച്ചുകൊണ്ടു

തന്നു, ഒപ്പം എസ്റ്റിമേറ്റുമുണ്ട്. അങ്ങനേയും ചെയ്യാം. ഇത് അന്യായമാണ്, ഇത് തടയാനുള്ള നടപടി സർക്കാർ എടുക്കുമെന്ന മറുപടി ബഹുമാനപ്പെട്ട മന്ത്രിയിൽ നിന്നും ഞാൻ പ്രതീക്ഷിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ കെ.ബി ഗണേഷ് കുമാർ ഇവിടെ അവതരിപ്പിച്ച വസ്തുത സർക്കാരിന്റെ ശ്രദ്ധയിലുള്ളതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കാലതാമസം കൂടാതെ പ്രവൃത്തി പൂർത്തിയാക്കുന്നതിനും കോൺട്രാക്ടർമാർ അധികരിച്ച തോതിലുള്ള നിരക്കുകൾ ക്വാട്ട് ചെയ്യുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് പൊതുമരാമത്ത് വകുപ്പിനുകീഴിൽ താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ രൂപീകരിച്ചത്. വകുപ്പിന്റെ പരിമിതികൾ നിമിത്തവും നടപ്പിലാക്കാൻ കാലതാമസം വരുന്നതുമായ പ്രവൃത്തികളും പദ്ധതികളുമാണ് ഇത്തരം സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കുന്നത്. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ ജനോപകാരപ്രദമായ വിവിധ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പാക്കുന്നതോടൊപ്പം വകുപ്പിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്കും അഭിവൃദ്ധിക്കും ഉതകുന്നതാണ്. അദ്ദേഹം ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെ ഈ പണികൾ ചെയ്യുന്നതിന് ഏർപ്പെടുത്തി വരാറുണ്ട്. എന്നാൽ ഇതിനുവേണ്ടി വ്യക്തമായ മാനദണ്ഡങ്ങൾ നേരത്തേ ഇല്ലായിരുന്നു. മാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളുമില്ലാത്തതുകൊണ്ട് ക്രമക്കേടുകൾ ഉണ്ടാകാം എന്നുകണ്ട് ഗവൺമെന്റ് തന്നെ ഇതനുസരിച്ച് ചില മാർഗ്ഗനിർദ്ദേശങ്ങളോടെ ജി.ഒ പുറപ്പെടുവിച്ചിട്ടുണ്ട്. താഴെപ്പറയുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയാണ് ഇതിനു

ചുമതല ഏൽപ്പിച്ചിട്ടുള്ളത്. കിഡ്കോ, സിഡ്കോ, കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ, നിർമ്മിതി കേന്ദ്ര, കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ, കെ.പി.എച്ച്.സി.സി., കേരള അഗ്രോ ഇൻഡസ്ട്രിസ് കോർപ്പ റേഷൻ, കെ.എൽ.ഡി.സി., കെ.എസ്.എച്ച്.ബി., ഫോറസ്റ്റ് ഇൻഡസ്ട്രീസ്, ട്രാവൻകൂർ ലിമിറ്റഡ്, കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ്, ഹാബി റ്റാറ്റ് ടെക്നോളജി ഗ്രൂപ്പ്, എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡ് തുട ങ്ങിയ സ്ഥാപനങ്ങളാണ്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് വ്യക്തമായ ഒരു ഗവൺമെന്റ് ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഇത്തരം പ്രവൃത്തി കൾ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടത്താവൂ. പ്രസ്തുത പ്രവൃ ത്തികൾക്കുള്ള എസ്റ്റിമേറ്റ് നിലവിലുള്ള എസ്.ഒ.ആർ പ്രകാരം കോസ്റ്റ് ഓഫ് ലാന്റ്, ടെണ്ടർ എക്സസ് എന്നിവ ഒഴിവാക്കിയിട്ടുള്ളതായിരിക്കണം. ടെണ്ടർ ഒഴിവാക്കിയിട്ടുള്ളവയ്ക്ക് കോൺട്രാക്റ്റേഴ്സ് പ്രോഫിറ്റ് അനുവദനീയമല്ല. ഇപ്രകാരം ഏൽപ്പിക്കുന്ന ഏജൻസികൾക്ക് സെന്റേജ് ചാർജ്, കൺസൾട്ടൻസി ചാർജ് എന്നിവ 5 കോടി രൂപയ്ക്ക് മുകളിലുള്ള പ്രവൃത്തി കൾക്ക് 5% വും 3 മുതൽ 5 കോടിരൂപ വരെയുള്ളവയ്ക്ക് 6% വും 3 കോടി രൂപയ്ക്ക് താഴെയുള്ളവയ്ക്ക് 7% വും 50 ലക്ഷം രൂപയ്ക്കുതാഴെയുള്ള വയ്ക്ക് 8% വുമാണ് അനുവദിക്കുന്നത്. സാങ്കേതിക അനുമതി പ്രസ്തുത ഏജൻസികൾക്ക് തന്നെ നൽകാവുന്നതാണ്. എന്നാൽ ഭരണാനുമതിക്ക് 15 ശതമാനത്തിന് മുകളിലാകാൻ പാടില്ല. ടെണ്ടർ എക്സസ് അനുവദിക്കുന്ന തിന് പ്രസ്തുത ഏജൻസികൾക്ക് ചീഫ് എഞ്ചിനീയറുടെ നിലവിലുള്ള അധി കാരപരിധി ഉപയോഗിക്കാവുന്നതാണ്. ഈ ഉത്തരവിൽപ്പെട്ട ഏജൻസി കൾക്ക് ഗവൺമെന്റിതര പ്രവൃത്തികൾ ചെയ്യുമ്പോൾ ഈ നിർദ്ദേശങ്ങൾ ബാധകമല്ല. അതുപോലെ തന്നെ 2009–2012 കാലയളവിൽ സംസ്ഥാനത്തെ

പൊതുമേഖലാ സ്ഥാപനങ്ങൾ നടത്തിവരുന്ന ഇത്തരം പ്രവൃത്തികളെ സംബന്ധിച്ച് ചില ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ടെണ്ടർ എക്സസ് കൂടുതൽ വരികയും അമിതമായ ഗവൺമെന്റ് പണം നഷ്ടപ്പെടാതിരിക്കുന്ന തിനും കാലതാമസം ഒഴിവാക്കാൻ വേണ്ടിയുമാണ് ഈ മാർഗ്ഗനിർദ്ദേശം സ്വീകരിച്ചത്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ഗവൺമെന്റ് പരിശോധിക്കുന്നതാണ്. മാർഗ്ഗനിർദ്ദേശങ്ങളിൽ ഇനിയും ഭേദ ഗതി വരുത്തുകയും ഈ അപാകതകൾ ഒഴിവാക്കണമെന്ന മെമ്പറുടെ അഭി പ്രായം ഗവൺമെന്റ് പരിഗണിക്കുന്നതുമാണ്. കൂടുതൽ കർശനമായ മാർഗ്ഗ നിർദ്ദേശങ്ങൾ വേണ്ടിവന്നാൽ സർക്കാർ അത് സ്വീകരിക്കുമെന്ന് മെമ്പർക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ ചോദ്യത്തിന്റെ ഉത്തരം അങ്ങയുടെ തലയിൽ കെട്ടിവച്ചതാണ്. അങ്ങ് അതിൽ ശ്രദ്ധചെലുത്തി മറുപടി പറഞ്ഞതിന് നന്ദി. എനിക്ക് ഒന്നുരണ്ടു കാര്യങ്ങൾ ചോദിക്കാനുണ്ട്, വെയർ ഹൗസിംഗ് കോർപ്പറേഷന് കൺസ്ട്രക്ഷനുമായി എന്താണ് ബന്ധം; ഫോറസ്റ്റ് ഇൻഡസ്ട്രീസ് കോർപ്പറേഷൻ കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി ചേർന്ന് ഒരു പട്ടികജാതി കോളനിയിലെ കെട്ടിടങ്ങളും കക്കൂസുകളും നിർമ്മിക്കാനും റോഡ് പണിയാനും എന്താണ് യോഗ്യത? അതാണ് ഞങ്ങളുടെ സംശയം. ബി.എസ്.എൻ.എൽ. എന്ന പൊതുമേഖലാ സ്ഥാപനത്തിന് പല വർക്കുകളും കൊടുക്കാറുണ്ടെന്ന് അങ്ങ് പറഞ്ഞു. പക്ഷേ അവർ വർക്ക് എടുത്തതിനുശേഷം ഓപ്പൺ ടെണ്ടർ വിളിച്ച് സബ് കോൺട്രാക്ട് കൊടുക്കുകയാണ് ചെയ്യുന്നത്. അതിൽനിന്നും അഡീഷണ ലായി ലഭിക്കുന്ന പൈസ അവർ എടുക്കും. അവർക്ക് ഒരു കൺസൾട്ടിംഗ്

ഫീസുണ്ട്. ഇവിടെ അങ്ങനെയില്ല, ഒരു സ്ഥാപനത്തിന് ഫർണിച്ചർ വേണമെങ്കിൽ സിഡ്കോയെ വിളിച്ചുപറഞ്ഞാൽ അവർ ഫർണിച്ചർ സപ്ലൈ ചെയ്യും. എന്നാൽ ഏത് വിലയ്ക്കാണെന്നതിന് അവിടെ ചോദ്യങ്ങളുമില്ല ഉത്തരങ്ങളുമില്ല. അവർ ഇഷ്ടമുള്ള വിലയ്ക്ക് തരും. അതിൽ എത്ര രൂപയാണ് അവരുടെ കമ്മീഷൻ? തിരുവനന്തപുരത്ത് നടന്ന ഒരു സംഭവം ഞാൻ പറയാം. തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട റെയിൽവേ വകുപ്പുമന്ത്രിയുടെ കീഴിൽ മെട്രോ ട്രെയിന്റെ ഒരു ഓഫീസ് തുടങ്ങാൻ പോകുകയാണ്. അവിടേയ്ക്കായി 24000 രൂപയുടെ ഒരു മേശ 64000 രൂപയ്ക്ക് വാങ്ങി. അത് സാരമില്ല, വില പ്രശ്നമല്ല. ഇതിന് ഇടയ്ക്ക് നിൽക്കുന്നവരെക്കുറിച്ചാണ് ഞാൻ പറയുന്നത്. നടപടിയിൽ തെറ്റില്ലെന്നല്ല, തെറ്റുണ്ട്. കാരണം നിർമ്മിതിയെക്കുറിച്ചും ഹാബിറ്റാറ്റിനെക്കുറിച്ചുമെല്ലാം എല്ലാ എം.എൽ.എ.മാർക്കും അറിയാം, ട്രേഡുമായി ഒരു ബന്ധവുമില്ലാത്ത സ്ഥാപനങ്ങളാണ്. വെയർ ഹൗസിംഗ് കോർപ്പറേഷന്റെ ജോലി കെട്ടിടവും റോഡും പണിയുക എന്നതാണോ? അവർക്ക് ഒരു ലിസ്റ്റുണ്ട്. ആ ലിസ്റ്റിൽ പറയുന്നവരെ വേണം ഇതിനുവേണ്ടി ഡെഡിക്കേറ്റ് ചെയ്യാൻ. പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും കൊടുക്കുന്ന പണം ഇത്തരം സ്ഥാപനങ്ങൾക്ക് പാനൽ ചെയ്ത് കൊടുത്തതിന്റെ അർത്ഥം എന്താണ്; ക്രമക്കേട് നടത്താൻ അവസരം ഉണ്ടാക്കുകയല്ലേ?. പട്ടികവർഗ്ഗ ക്ഷേമവകുപ്പിൽ ഇപ്പോൾ ഒരു പുതിയ എഞ്ചിനീയറിംഗ് വിംഗ് തുടങ്ങി എന്നാണ് എന്റെ അറിവ്. പട്ടികജാതി വികസന വകുപ്പിൽ ഇത്രയധികം വർക്കുകൾ നടക്കുമ്പോൾ സ്വാഭാവികമായും അത് പരിശോധിക്കാൻ നിങ്ങൾക്ക് ഒരു എഞ്ചിനീയറിംഗ് വിംഗ് വേണ്ടതാണ്.

ഡെപ്യൂട്ടേഷനിലെങ്കിലും രണ്ടുമൂന്നുപേരെ വച്ച് നിങ്ങൾ അത് പരിശോധിക്കണം. കൊടുക്കുന്ന പണത്തിന് യാതൊരു കണക്കുമില്ല. ഈ തുകയെല്ലാം ഏത് പബ്ലിക് സെക്ടർ കമ്പനിയാണ് കൊണ്ടുപോകുന്നത്; അതിന് ആരൊക്കെ മദ്ധ്യസ്ഥരാണ്? അങ്ങ് വിജിലൻസ് വകുപ്പിന്റെകൂടി ചുമതലയുള്ള മന്ത്രിയാണ്, ഒരു ഓഡിറ്റിംഗ് നടത്തി അവർ എടുത്തിരിക്കുന്ന വർക്കുകളിൽ എത്ര രൂപ കമ്മീഷൻ എടുത്തു എന്ന് കണ്ടുപിടിക്കാൻ അങ്ങേയ്ക്ക് കഴിയുമോ?

ശ്രീ. രമേശ് ചെന്നിത്തല: സർ, അങ്ങനെ എല്ലാ സ്ഥാപനങ്ങളെയുംപറ്റി പൊതുവായി പറയുന്നത് ശരിയല്ല. ഉദാഹരണമായി, കേരളാ റോഡ് ഫണ്ട് ബോർഡ് ഏറ്റവും നല്ലനിലയിൽ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. ചില സ്ഥാപനങ്ങൾ അങ്ങനെ ചെയ്തിട്ടുണ്ടെങ്കിൽ അത് പരിശോധിക്കാം. കേരളത്തിലെ മിക്കവാറും എല്ലാ സ്ഥാപനങ്ങളും അവർ ഏറ്റെടുക്കുന്ന പ്രവൃത്തികളിൽ പലതും ടെണ്ടറിലൂടെയാണ് നടപ്പിലാക്കുന്നത്. എല്ലാ സ്ഥാപനങ്ങളും അങ്ങനെയാണെന്ന് ഞാൻ പറയുന്നില്ല. ടെണ്ടർ ചെയ്ത് നടപ്പാക്കുന്ന പ്രവൃത്തികളുമുണ്ട്, അല്ലാത്തതുമുണ്ട്. അതുകൊണ്ട് എല്ലാ സ്ഥാപനങ്ങൾക്കും ഇത്തരത്തിലുള്ള അപാകതയുണ്ടെന്ന് പൊതുവായി പറയുന്നത് ശരിയല്ല. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച കാര്യങ്ങൾ ഗവൺമെന്റ് പരിശോധിക്കും.

പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) സർ, ശ്രീ. കെ. ബി. ഗണേഷ്കുമാർ ഇവിടെ പറഞ്ഞത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ മുമ്പ് നിർമ്മിതി കേന്ദ്രത്തെ വച്ചാണ് പൂർണ്ണമായും നടപ്പിലാക്കിയിരുന്നത്. അതിൽ ആക്ഷേപം

വന്നതിന്റെ അടിസ്ഥാനത്തിൽ ഭൂമി വാങ്ങാനും വീട് വയ്ക്കാനും ബെനിഫിഷറിക്ക് നേരിട്ട് ധനസഹായം കൊടുക്കുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു കോടി രൂപ അനുവദി ച്ചുകൊണ്ട് സ്വയം പര്യാപ്ത കോളനികൾ എന്ന പുതിയ ഒരു സ്കീം കൊണ്ടുവന്നു. ആ സ്കീം ഗവൺമെന്റിന് നേരിട്ട് നടത്താനോ വ്യക്തികൾക്ക് നേരിട്ട് കൊടുക്കാനോ കഴിയില്ല. അങ്ങനെവന്ന സാഹചര്യത്തിലാണ് നിലവിലുള്ള എംപാനൽ ചെയ്ത ഗവൺമെന്റ് ഏജൻസികൾ മുഖാന്തിരം നടത്തുവാനുള്ള തീരുമാനം എടുത്തത്. ഇത്തരം കാര്യങ്ങളിൽ ചില ആക്ഷേപങ്ങൾ വരാൻ സാധ്യയുണ്ടെന്ന് അറിയാവുന്നതുകൊണ്ട് ഒരു തീരുമാനം എടുത്തു. ഈ പദ്ധതി നടപ്പാക്കാനായി 100 കോളനികളെ ആദ്യം സെലക്ട് ചെയ്തപ്പോൾ, ഏത് ഏജൻസിയെക്കൊണ്ട് നടപ്പാക്കണമെന്ന് നിർദ്ദേശിക്കാൻ ഞാൻ എം.എൽ.എ. മാരോട് ആവശ്യപ്പെട്ടു. .......(ബഹളം)......ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ഇവിടെ വായിച്ച ലിസ്റ്റിൽപ്പെടുന്ന ഗവൺമെന്റ് ഏജൻസികൾക്കുമാത്രമേ വർക്ക് കൊടുക്കാൻ സാധിക്കുകയുള്ളൂ. അവ പൊതുമേഖലാ സ്ഥാപനങ്ങളാണ്. എല്ലാ വകുപ്പുകളും ചെയ്യുന്നത് അതാണ്. ഞങ്ങൾ ഈ ലിസ്റ്റ് എം.എൽ.എ.മാർക്ക് കൊടുത്തു. ഈ 100 കോളനികളിലും ഏത് ഏജൻസി വേണമെന്ന് തീരുമാനിച്ചത് അതത് എം.എൽ.എ.മാരാണ്. ഏറ്റവും നന്നായി വർക്ക് നടത്തുന്ന ഏജൻസി ഏതെന്ന് തെരഞ്ഞെടുക്കാനുള്ള അധികാരം എം.എൽ.എ.മാർക്കാണ്, ഗവൺമെന്റിനല്ല. എല്ലാ ഏജൻസികൾക്കും അതിന്റേതായ പാളിച്ചകളുണ്ട്. അതിന് എന്താണ് പരിഹാരമെന്ന് ആലോചിക്കാം. ഗവൺമെന്റിനെ

സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ യാതൊരു നിർബന്ധബുദ്ധിയുമില്ല. ......(ബഹളം).....

മി. സ്പീക്കർ: പ്ലീസ്.....പ്ലീസ്......നോ.... സഭയുടെ സെൻസ് ഗവൺമെന്റിന് ബോദ്ധ്യമായി. എല്ലാവർക്കും അനുഭവപ്പെട്ടിട്ടുള്ള ഒരു കാര്യമാണിത്. നിയമസഭയിലേയ്ക്ക് ഒരു അംഗീകൃത സൊസൈറ്റിയിൽ നിന്ന് വാങ്ങിക്കൊണ്ടുവന്ന ഫർണിച്ചർ വാഹനത്തിൽ വച്ചുതന്നെ പരിശോധിച്ചപ്പോൾ അതിന്റെ മുകളിൽ തേക്കിന്റെ വാർണിഷ് ചെയ്തിരിക്കുകയായിരുന്നു. അത് മടക്കി കൊടുക്കുകയും അവരെ ബ്ലാക്ക് ലിസ്റ്റിൽ പെടുത്തുകയും ചെയ്തു. ഞാൻ ഒരു ഉദാഹരണം പറഞ്ഞുവെന്ന് മാത്രമേയുള്ളൂ. ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി ചൂണ്ടിക്കാട്ടിയതു പോലെ, നമുക്ക് ജനറലൈസ് ചെയ്ത് പറയാൻ സാദ്ധ്യമല്ല. പക്ഷെ, ഗവൺമെന്റ് അക്കാര്യം ശ്രദ്ധിക്കും, അതിനുവേണ്ട നടപടികൾ എടുക്കുമെന്ന് ആഭ്യന്തര വകുപ്പുമന്ത്രി പറഞ്ഞു. ഇക്കാര്യത്തിൽ സഭ പൊതുവായിട്ടുള്ള ഒരു സെൻസിൽ നിൽക്കുകയാണ്. അത് ഗവൺമെന്റിന് ബോദ്ധ്യമായിട്ടുണ്ട്.

## കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങളിലെ അപാകതകൾ

ശ്രീ. കെ. രാജു : സർ, കേരളത്തിൽ ഏറ്റവും കൂടുതൽ അംഗസംഖ്യ യുള്ള ക്ഷേമനിധി ബോർഡാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. ബോർഡിൽ ഇപ്പോൾ 12.5 ലക്ഷത്തോളം അംഗങ്ങളുണ്ട്. ഈ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാ

വുന്നതുപോലെ, ഈ ക്ഷേമനിധിയിൽനിന്ന് പലതരത്തിലുമുള്ള ആനുകൂല്യങ്ങൾ കിട്ടുന്നതിനായി പതിനായിരക്കണക്കിന് ആളുകൾ അപേക്ഷകൾ നൽകി കാത്തിരിക്കുകയാണ്. 2009 മുതലുള്ള അപേക്ഷകളെല്ലാം പെൻഡിംഗിലാണ്. റിട്ടയർമെന്റ് ആനുകൂല്യത്തിനായുള്ള അപേക്ഷകളുടെ എണ്ണം 17,00,650 ആണ്. ഇത്രയും ആളുകൾക്ക് റിട്ടയർമെന്റ് ആനുകൂല്യം നൽകുന്നതിന് വേണ്ടിവരുന്ന തുക 163 കോടി രൂപയാണ്. വിവാഹ ധനസഹായത്തിനായി അപേക്ഷിച്ചിട്ടുള്ള 61,500 പേർക്ക് സഹായം കൊടുത്തുതീർക്കണമെങ്കിൽ 12 കോടി 30 ലക്ഷം രൂപ വേണ്ടിവരും. മരണാനന്തര ധനസഹായത്തിനുള്ള 1550 അപേക്ഷകൾക്കായി 31 കോടി രൂപ വേണം. പ്രസവ ധനസഹായത്തിനായി 2250 അപേക്ഷകളുണ്ട്, 22 ലക്ഷം രൂപ ആവശ്യമാണ്. ചികിത്സാ ധനസഹായത്തിനുള്ള 892 അപേക്ഷകൾ പെൻഡിംഗ് ആണ്. അതിന് 9 ലക്ഷം രൂപ ആവശ്യമാണ്. ഈ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് 2006 മുതൽ 2011 വരെയുള്ള എൽ.ഡി.എഫ്. ഭരണ കാലത്ത് 5 തവണകളിലായി 125 കോടി രൂപയുടെ ധനസഹായം ബോർഡിന് അനുവദിച്ചു. അതിന്റെ ഫലമായി ഒരു പരിധിവരെ പ്രതിസന്ധിയെ മറികടന്ന് മുന്നോട്ടുപോകാൻ ബോർഡിന് കഴിഞ്ഞിരുന്നു. ആ കാലഘട്ടത്തിൽ ഒരു തവണ മാത്രമായി 114 കോടി രൂപ സർക്കാൻ അനുവദിച്ചിരുന്നു. ഈ സർക്കാരിന്റെ 3 ബഡ്ജറ്റ് പീരിഡുകളിലായി മൊത്തം 1 കോടി 10 ലക്ഷം രൂപ മാത്രമാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 180 കോടി രൂപയുടെ കടബാദ്ധ്യതയുള്ള മുങ്ങുന്ന കപ്പലാണ് കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്. തൊഴിലാളി

കളിൽനിന്ന് പിരിച്ചെടുക്കുന്ന വിഹിതത്തിനൊപ്പം സർക്കാരിന്റെ വിഹിതവും ബോർഡിന് നൽകാൻ തയ്യാറാകണം.

2011–ലെ എൽ.ഡി.എഫ്. സർക്കാർ അതിനായി ഒരു ബിൽ പാസ്സാക്കിയിരുന്നുവെങ്കിലും തുടർന്നുവന്ന യു.ഡി.എഫ്. സർക്കാർ നാളിതുവരെ വിഹിതം അനുവദിക്കുകയുണ്ടായിട്ടില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന് സർക്കാർ നിയമാനുസൃതമായി നൽകേണ്ട മാച്ചിംഗ് ഗ്രാന്റ് പോലും നൽകിയിട്ടില്ല. തികച്ചും തൊഴിലാളിവർഗ്ഗ വിരുദ്ധമായിട്ടുള്ള ഒരു സമീപനമാണ് ഇക്കാര്യത്തിൽ യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നതെന്ന് പറയുന്നതിൽ ഖേദമുണ്ട്. സർക്കാർ നിലപാട് മാറ്റി മാച്ചിംഗ് ഗ്രാന്റ് നൽകാൻ തയ്യാറാകണം. അതോടൊപ്പം ബോർഡിന്റെ മറ്റൊരു വരുമാന മാർഗ്ഗം എന്നു പറയുന്നത് ഭൂവുടമകളിൽ നിന്ന് പിരിക്കുന്ന തുകയാണ്. ഭൂവുടമാ വിഹിതം വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനം എടുത്തിട്ടുണ്ട്. എന്നാൽ അത് പിരിച്ചെടുക്കുന്ന കാര്യത്തിൽ റവന്യൂ വകുപ്പിലെ ഉദ്യോഗസ്ഥന്മാർ വളരെ മോശപ്പെട്ട സമീപനമാണ് സ്വീകരിക്കുന്നത്. എത്ര രൂപ പിരിച്ചുവെന്നതിനെ സംബന്ധിച്ച് കണക്കില്ല, പിരിച്ചെടുക്കുന്ന തുക കൃത്യമായി അടയ്ക്കുന്നുണ്ടോ എന്നത് സംബന്ധിച്ചും ആർക്കും അറിയില്ല. പിരിച്ചെടുക്കുന്നതും അടയ്ക്കുന്നതും റവന്യൂ വകുപ്പായതിനാൽ ഇത് പരിശോധിക്കുവാൻ ക്ഷേമനിധി ബോർഡിന് മാർഗ്ഗമില്ല. ഡി.സി.ബി. സ്റ്റേറ്റ്മെന്റിന്റെ ഒരു കോപ്പി ക്ഷേമനിധി ബോർഡിനുകൂടി നൽകിയെങ്കിൽ മാത്രമേ അത് പരിശോധിക്കുവാൻ കഴിയൂ. ഇപ്പോൾ അത് നൽകുന്നില്ല. അതുകൊണ്ട് ഇതുസംബന്ധിച്ച ഒരു കണക്കും ക്ഷേമനിധി ബോർഡിൽ ഇല്ലാത്ത സ്ഥിതിയുണ്ട്, അത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. ക്ഷേമനിധി ബോർഡ് ഈ

വിഹിതം പിരിക്കുന്നതിന് ആവശ്യമായിട്ടുള്ള നിർദ്ദേശങ്ങൾ സ്വരൂപിച്ച് തൃശ്ശൂരിലെ ചീഫ് എക്സിക്യൂട്ടീവ് ആഫീസിൽ നിന്ന് സർക്കാരിലേയ്ക്ക് നൽകിയിരുന്നു. തൊഴിൽ വകുപ്പ് ഒരു ഉത്തരവ് മുഖേന അത് റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കണം. അങ്ങനെ നൽകിയിട്ടുണ്ടെങ്കിൽ മാത്രമേ ഈ പിരിവെല്ലാം കൃത്യമായി നടത്താൻ റവന്യൂ വകുപ്പിന് ബാദ്ധ്യതയുള്ളൂ. അതുകൊണ്ട്, ബോർഡിന്റെ ശുപാർശകൾ റവന്യൂ വകുപ്പിന് കൈമാറുനുള്ള നടപടികൾ സ്വീകരിക്കുകയും ഭൂ ഉടമാ വിഹിതം പിരിച്ചെടുത്തതിന്റെ കൃത്യമായ സ്റ്റേറ്റ്മെന്റും പണവും ബോർഡിന് ലഭ്യമാക്കുകയും ചെയ്യണം. തൊഴിലാളി വിഹിതം 10 രൂപയാക്കി വർദ്ധിപ്പിക്കാനുള്ള തീരുമാനം ഇപ്പോൾ എടുത്തിട്ടുണ്ട്. ആദ്യം 2 രൂപയായിരുന്നത് പിന്നീട് 5 രൂപയായും ഇപ്പോൾ 10 രൂപയായും വർദ്ധിപ്പിച്ചിരിക്കുകയാണ്. വർദ്ധിപ്പിച്ച വിഹിതം നൽകാമെന്ന് എല്ലാ തൊഴിലാളി യൂണിയനുകളും സമ്മതിച്ചിട്ടുള്ളതാണ്. തദനുസൃതമായിട്ടുള്ള വർദ്ധനവല്ലെങ്കിൽപ്പോലും ഭൂവുടമകളുടെ വിഹിതം 5 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്, പക്ഷെ പിരിവ് നടക്കുന്നില്ല. കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള കർഷകത്തൊഴിലാളി സംഘടനയടക്കം എല്ലാ കർഷത്തൊഴിലാളി സംഘടനകളും ഇന്ന് സമര രംഗത്താണ്. 17 ലക്ഷത്തിലധികം വരുന്ന കർഷകത്തൊഴിലാളികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണാൻ അടിയന്തരമായി ഗവൺമെന്റ് ഇടപെടണം. ഇപ്പോഴത്തെ ബഡ്ജറ്റിലും കർഷകത്തൊഴിലാളി ക്ഷേമനിധിക്കുവേണ്ടി തുക മാറ്റിവച്ചിട്ടില്ല. അതുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണാൻ തൊഴിൽ വകുപ്പ് അടിയന്തരമായി ഇടപെടണമെന്ന് അഭ്യർത്ഥിക്കുന്നു.

തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതെല്ലാം വസ്തുതകൾ തന്നെ യാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ മാത്രമല്ല, കേരള ത്തിൽ വലിയ നേട്ടമായി നമ്മൾ പ്രകീർത്തിച്ചിരുന്ന ഒട്ടുമുക്കാൽ ക്ഷേമനിധി ബോർഡുകളുടെയും ആരോഗ്യസ്ഥിതി അതിദയനീയമാണ്. അവയോ രോന്നും ഇന്നല്ലെങ്കിൽ നാളെ പ്രതിസന്ധിയിലേയ്ക്ക് പോവുകയാണ്. അതി നാൽത്തന്നെ, വരുന്ന ഫെബ്രുവരി 6-ാം തീയതി സംസ്ഥാനത്ത് പ്രവർത്തി ക്കുന്ന സെൻട്രൽ ട്രേഡ് യൂണിയനുകളെയെല്ലാം വിളിച്ച് ഓരോ ക്ഷേമനിധി ബോർഡിന്റെയും ഇന്നത്തെ സ്ഥിതി അവരെ ബോദ്ധ്യപ്പെടുത്തുകയും സമൂല മായ ഒരു പരിഷ്കരണത്തിന് എന്തൊക്കെ ചെയ്യണമെന്നുള്ളതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും തീരുമാനിച്ചിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ 22,84,000 തൊഴിലാളികളാണ് ആകെയുള്ളത്. അതിൽനിന്ന് അഞ്ചര ലക്ഷ ത്തോളം പെൻഷൻകാരെ മാറ്റിക്കഴിഞ്ഞാൽപ്പോലും പതിനേഴര ലക്ഷം തൊഴി ലാളികളുണ്ട്. അവരുടെ ആനുകൂല്യങ്ങൾ കുടിശ്ശിക നിൽക്കുകയാണ്. ഇപ്പോൾ ഏകദേശം 175 കോടിയിൽപ്പരം രൂപയുടെ കുടിശ്ശിക കൊടുക്കാനു ണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ 2006-2011 കാലഘട്ടത്തിലെ കുടിശ്ശികയല്ല കൊടുത്തത്, 2001 മുതൽ 2009 വരെ കുടിശ്ശികയുണ്ടായിരുന്ന തുകയിൽ 121 കോടി രൂപ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ നൽകി യെന്നുള്ളത് ഒരു സത്യമാണ്. ആ ഗവൺമെന്റിന്റെ കാലാവധി കഴിയു മ്പോഴും കുടിശ്ശിക ബാക്കിയുണ്ടായിരുന്നു. ഇപ്പോൾ മൂന്ന് വർഷത്തെ കുടി

ശ്ശികയുംകൂടി ആയിട്ടുണ്ടെന്നുള്ളത് ഞാൻ സമ്മതിക്കുന്നു. ഇവിടുത്തെ പ്രശ്നം, ഈ ക്ഷേമനിധി ബോർഡിന്റെ ഒരു വർഷത്തെ ശരാശരി വരുമാനം 8 കോടി രൂപയാണ്. 30 കോടി രൂപ ആനുകൂല്യ വിതരണത്തിനും മൂന്നരക്കോടിയോളം രൂപ ഭരണച്ചെലവിനുമായി ബോർഡിന് പ്രതിവർഷം ചെലവാകുന്നുണ്ട്. അങ്ങനെ ഓരോ വർഷവും 30 കോടി രൂപയുടെ കമ്മി യിലാണ് ഈ ക്ഷേമനിധി ബോർഡ് പ്രവർത്തിക്കുന്നത്. ബോർഡിന്റെ വരു മാനം വർദ്ധിപ്പിക്കാനായി മുൻ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ, 2009-ൽ ഭൂവുടമ വിഹിതം വർദ്ധിപ്പിക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവന്നു. ബഹു മാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ചതുപോലെ, അത് പിരിച്ചെടുക്കുന്നതിന് റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും പോരായ്മകൾ ഉണ്ടെങ്കിൽ അക്കാര്യം ബഹുമാനപ്പെട്ട റവന്യൂ വകുപ്പ് മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താം. ഭൂവുടമാ വിഹിതം കൂട്ടാൻ വേണ്ടി ഭേദഗതി കൊണ്ടുവന്നതിനുശേഷം യഥാർത്ഥത്തിൽ ഭൂവുടമാ വിഹിതം കുറയുകയാണുണ്ടായത്. ആ നിയമ ത്തിലെ ചില ലൂപ് ഹോൾസ് കാരണമാണ് അങ്ങനെ സംഭവിച്ചത്. തൊഴിലാളി വിഹിതം 10 രൂപയാക്കുന്നതിന് എല്ലാ യൂണിയനുകളും സമ്മതി ച്ചതായി ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞു. അതിനായി നിയമഭേദഗതി വരുത്തേണ്ടതുണ്ട്. തൊഴിലാളി വിഹിതം മാത്രമല്ല, ഭൂവുടമ വിഹിതംകൂടി കാലാനുസൃതമായി പരിഷ്കരിക്കേണ്ടതുണ്ട്. ഒരു വർഷത്തെ ചെലവിനും, ആനുകൂല്യ വിതരണത്തിനുമുള്ള പണം കണ്ടെത്തണം. സർക്കാരിൽനിന്നും മാച്ചിംഗ് ഗ്രാന്റ് ലഭിക്കാത്തത് സംബന്ധിച്ച് പറയുമ്പോൾ, കർഷത്തൊഴിലാളി കളുടെ പെൻഷൻ പൂർണ്ണമായും ഗവൺമെന്റാണ് കൊടുക്കുന്നതെന്നുള്ള നിലപാടാണ് ധനകാര്യ വകുപ്പ് അക്കാര്യത്തിലെടുക്കുന്നത്. ഭൂവുടമാ

വിഹിതം 5 രൂപ എന്നത് 10 രൂപ ആക്കിയാലും പര്യാപ്തമാണെന്ന് എനിക്ക് വിശ്വാസമില്ല. തൊഴിലാളി വിഹിതവും, ഭൂവുടമാ വിഹിതവും കാലാനുസൃതമായി, സ്വയം പര്യാപ്തത നേടുന്ന നിലയിൽ പരിഷ്കരിക്കാനാണ് ഗവൺമെന്റ് ആലോചിക്കുന്നത്. ഫെബ്രുവരി 12-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുമായി ബന്ധപ്പെട്ട മന്ത്രിമാരെയും, ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി ചർച്ച നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. വൺടൈം ആയിട്ടൊരു ഹെൽപ്പ് കൊടുത്തിട്ടാണെങ്കിലും കർഷകത്തൊഴിലാളികളുടെ ആനുകൂല്യം എങ്ങനെ കൊടുത്തുതീർക്കാനാകുമെന്നതു സംബന്ധിച്ചും ഭാവിയിലെങ്കിലും സ്വയം പര്യാപ്തത നേടുവാൻ എന്തുചെയ്യണമെന്നത് സംബന്ധിച്ചും പരിശോധിക്കാനായിട്ടാണ് ചർച്ച വെച്ചിരിക്കുന്നത്. അതിനെത്തുടർന്ന് നടപടിയുണ്ടാകുമെന്നും പ്രതീക്ഷിക്കുന്നു.

ശ്രീ. കെ. രാജു: സർ:, വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കാർഷിക ഭൂമി കൈമാറ്റം ചെയ്യുമ്പോൾ ഒരു നിശ്ചിത തുക സെസ് എന്നുള്ള രീതിയിൽ ക്ഷേമനിധിയിലേയ്ക്ക് കിട്ടത്തക്കവണ്ണം നടപടി സ്വീകരിക്കുമോ?

ശ്രീ. ഷിബു ബേബി ജോൺ: സർ, ഏറ്റവുമധികം പണമുണ്ട് എന്ന് നമ്മൾ വിശ്വസിക്കുന്ന നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബോർഡിൽപ്പോലും ഇപ്പോൾ വരുമാനത്തിനേക്കാളധികം ചെലവായി മാറിക്കൊണ്ടിരിക്കുകയാണ്. ക്ഷേമനിധി ബോർഡുകളെല്ലാം അങ്ങനെ ഒരു പ്രശ്നത്തിലേയ്ക്ക് നീങ്ങുന്ന പശ്ചാത്തലത്തിൽ ഇക്കാര്യത്തിൽ എന്തുചെയ്യാം എന്നത് സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ ട്രേഡ് യൂണിയനുകളുമായും ആലോചിച്ച് തീരുമാനമെടുക്കും. ഒരു സെസ് ചുമത്തുന്നതിനെക്കുറിച്ച് ഇപ്പോൾ ആലോചിക്കുന്നില്ല 2009 വരെ, അര ഹെക്ടർ മുതൽ ഒരു ഹെക്ടർ വരെ 10 രൂപയും ഒരു ഹെക്ടറിന്

മുകളിൽ 15 രൂപയുമായിരുന്നു ഭൂവുടമ വിഹിതം. കഴിഞ്ഞ തവണ വരുത്തിയ ഭേദഗതിയിൽ, 40 ആർ–ന് മുകളിലേയ്ക്ക് ഓരോ ആർ–നും 25 പൈസ എന്നാക്കി മാറ്റി. അപ്പോൾ സംഭവിച്ചത്, 41 ആർ ഉള്ള ഒരു വ്യക്തിയാണെങ്കിൽ 25 പൈസ കൊടുത്താൽ മതിയെന്ന വ്യാഖ്യാനമാണ് ആ നിയമത്തിൽ വന്നത്. അതാണ് ഭൂവുടമാ വിഹിതം ഗണ്യമായി കുറയാൻ കാരണമായത്. ആ നിയമം പരിഷ്കരിച്ചുകൊണ്ട്, ബോർഡിന് പ്രതിവർഷം 30 കോടി രൂപ കിട്ടുന്ന നിലയിലേയ്ക്കുള്ള നിർദ്ദേശങ്ങളാണ് തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്ന് വച്ചിട്ടുള്ളത്. ചർച്ചയെത്തുടർന്ന് അക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതായിരിക്കും.

(സബ്മിഷൻസ്)